**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2252** **21-06-2024 - ൽ മറുപടിയ്ക്ക്**

**ഒപ്പം പദ്ധതിയുടെ പുരോഗതി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഒപ്പം പദ്ധതി പ്രകാരം മാവേലിക്കര മണ്ഡലത്തിൽ എത്ര ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വീട്ടിൽ എത്തിച്ചു നല്കുന്നുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ; | (എ) | നിലവിൽ മാവേലിക്കര മണ്ഡലത്തിൽ പാലമേൽ പഞ്ചായത്തിലെ ഒരു ഗുണഭോക്താവിനാണ് ഒപ്പം പദ്ധതി പ്രകാരം റേഷൻസാധനങ്ങൾ വീട്ടിലെത്തിച്ചു നൽകുന്നത്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ? | (ബി) | മാവേലിക്കര മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.<br><br>1. സുഭിക്ഷ ഹോട്ടൽ - വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി സുഭിക്ഷ ഹോട്ടൽ ആരംഭിച്ച് 20/- രൂപ നിരക്കിൽ ഉച്ചയൂണ് നൽകി വരുന്നു.<br><br>2. ഒപ്പം പദ്ധതി - വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത 'അങ്ങേയറ്റം ദരിദ്രരായ' കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിച്ചു നൽകുന്നു.<br><br>3. കെ-സ്റ്റോർ - റേഷൻകട വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട് മാവേലിക്കര താലൂക്കിൽ 8 റേഷൻകടകളെ കെ-സ്റ്റോറുകളായി ഉയർത്തിയിട്ടുണ്ട്.<br><br>4. സുജലം പദ്ധതി - ഹില്ലി അക്വാ കുപ്പിവെള്ളം ലിറ്ററിന് 10/- രൂപ നിരക്കിൽ റേഷൻകടകൾ വഴി വിതരണം നടത്തി വരുന്നു.<br><br>5. തെളിമ പദ്ധതി - 2021 മുതൽ എല്ലാ വർഷവും നവംബർ 15 മുതൽ ഡിസംബർ 15 വരെ, റേഷൻകാർഡിലെ തെറ്റുകൾ തിരുത്തുന്നതിന് കാർഡുടമകൾക്ക് അവസരം നൽകുന്നു. |

സെക്ഷൻ ഓഫീസർ